**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 518** **30-01-2024 - ൽ മറുപടിയ്ക്ക്**

**കേരളീയം പരിപാടിയുടെ സ്പോൺസർഷിപ്പ്**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ്, ശ്രീ. ടി. സിദ്ദിഖ്, ശ്രീ. സി. ആർ. മഹേഷ്, ശ്രീ. എം. വിൻസെന്റ്** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കേരളീയം പരിപാടിയുടെ ഭാഗമായി ജി.എസ്.ടി. അഡീഷണൽ കമ്മീഷണറെ സ്പോൺസർഷിപ്പ് കമ്മിറ്റിയുടെ കൺവീനർ ആക്കിയത് ധനവകുപ്പിന്റെ അനുമതിയോടെ ആയിരുന്നോ എന്ന് വ്യക്തമാക്കാമോ; | (എ) | കേരളീയം' പരിപാടിയുടെ നടത്തിപ്പിനായി വിവിധ കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളത് പൊതുഭരണ (ഏകോപനം) വകുപ്പിൽ നിന്നുള്ള ഉത്തരവ് പ്രകാരമാണ്. പ്രസ്തുത ഉത്തരവ് പൊതുഭരണ വകുപ്പിന്റെ അധികാരപരിധിയിലുള്ള വിഷയമാണ്. ആയതിനാൽ ധനകാര്യ വകുപ്പിന്റെ അനുമതി ആവശ്യമായിരുന്നില്ല. |
| (ബി) | സംസ്ഥാനത്തെ നികുതി പിരിക്കാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ തന്നെ കേരളീയം പരിപാടിയുടെ സ്പോൺസർഷിപ്പ് പിരിവ് ഏറ്റെടുക്കുന്നത് കോൺഫ്ലിക്ട് ഓഫ് ഇന്ററെസ്റ്റിന് ഇടയാക്കില്ലേ എന്ന് വ്യക്തമാക്കാമോ; | (ബി) | 'കേരളീയം' പരിപാടിയോടനുബന്ധിച്ച് പരസ്യങ്ങളിലൂടേയും മറ്റ് മാർഗ്ഗങ്ങളിലൂടെയും നൽകിയ സേവനങ്ങൾക്കാണ് സ്പോൺസർഷിപ്പ് വഴി തുക സമാഹരിച്ചിട്ടുള്ളത്. ഇത്തരത്തിൽ സ്പോൺസർഷിപ്പ് സ്വീകരിക്കുന്ന സ്ഥാപനങ്ങൾക്ക് മറ്റൊരു ആനുകൂല്യങ്ങളും നൽകാൻ സർക്കാർ ബാധ്യസ്ഥമല്ല. ആയതിനാൽ **കോൺഫ്ലിക്ട് ഓഫ് ഇന്ററെസ്റ്റ് എന്ന് ആശങ്ക ഉദിക്കുന്നില്ല.** |
| (സി) | സർക്കാരുമായി നികുതി സംബന്ധിച്ച നിയമ യുദ്ധത്തിൽ ഏർപ്പെട്ടിട്ടുള്ളതോ സർക്കാരിന് നികുതി കുടിശിക നൽകാനോ ഉള്ള സ്ഥാപനങ്ങളിൽ നിന്നും സ്പോൺസർഷിപ്പ് സ്വീകരിച്ചിട്ടുണ്ടോ എന്ന് ധനവകുപ്പ് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പരിശോധനയുടെ വിശദാംശം നൽകാമോ? | (സി) | ധനവകുപ്പ് പരിശോധിച്ചിട്ടില്ല |

സെക്ഷൻ ഓഫീസർ